# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 166 — 22.03.2012-ൽ മറുപടിയ്ക്ക്

**<u>സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില്പന</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.സാജു പോൾ<br>ശ്രീ.ആർ.രാജേഷ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വില്പന നടത്തി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്യ സംസ്ഥാന ലോട്ടറി മാഫിയ വീണ്ടും സജീവമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വില്പന നടത്തി വരുന്നതായും, അന്യ സംസ്ഥാന ലോട്ടറി മാഫിയകൾ വീണ്ടും സജീവമായിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വച്ച് പോലീസ് പിടിച്ചെടുത്ത അന്യസംസ്ഥാന വ്യാജ ലോട്ടറി ടിക്കറ്റുകൾ എത്രയായിരുന്നു; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (ബി) എറണാകുളം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽവച്ച് 16,80,000 സിക്കിം ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് ക്രൈം നം.25/2012 u/s 468, 511 of 420 & 34 IPC and sec. 5 r/w 7 of Lottery Regulation Act 1988 പ്രകാരം നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രസ്തുത ടിക്കറ്റുകൾ നിയമാനുസരണം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഈ കേസ് വിശദമായി അന്വേഷിക്കുന്നതിനായി തൃക്കാക്കര പോലീസ് അസ്സി. കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത കേസിലെ 6 പ്രതികളിൽ 4 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| (സി) ഇവ മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രമോട്ടർ ലൈസൻസ് സമ്പാദിച്ച ആനന്ദ് വടിവേലു എന്നയാളുടേതായിരുന്നുവോ; | (സി) ഈ കേസിലുൾപ്പെട്ട ലോട്ടറി ടിക്കറ്റുകൾ ആനന്ദ് വടിവേലു എന്നയാളുടേതായിരുന്നു. |

(ഡി) ഈ ലോട്ടറി ടിക്കറ്റുകൾ എവിടെ അച്ചടിച്ചതായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ ; ലോട്ടറി ടിക്കറ്റ് കടത്ത് സംഘത്തിലെ പ്രധാനികളെയെല്ലാം പോലീസ് അറസ്റ്റ് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ് ;

(ഡി) ഈ ലോട്ടറി ടിക്കറ്റുകൾ എവിടെ അച്ചടിച്ചിട്ടുള്ളതായിരുന്നുവെന്ന് കണ്ടെത്തിയിട്ടില്ല. ആകെയുള്ള 6 പ്രതികളിൽ ലോട്ടറി ടിക്കറ്റ് കടത്ത് സംഘത്തിലെ പ്രധാനിയായ ആനന്ദ് വടിവേലു ഉൾപ്പെടെ 4 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു.

(ഇ) ഇതു സംബന്ധമായ കൂടുതൽ അന്വേഷണത്തിന് തയ്യാറാകുമോ ?

(ഇ) തൃക്കാക്കര പോലീസ് അസ്സി. കമ്മീഷണറുടെ നേതൃത്വത്തിൽ ശക്തമായ തുടർ അന്വേഷണം നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.